**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1614** **08-02-2023 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല മണ്ഡലത്തിൽ നടപ്പാക്കി വരുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക മേഖലയുടെ വികസനത്തിനായി സംസ്ഥാനത്ത് നടപ്പാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ; | (എ) | കാർഷിക മേഖലയുടെ വികസനത്തിനായി സംസ്ഥാനത്ത് കാർഷിക ഉത്പാദനം വർധിപ്പിക്കുന്നതിനും കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനും വേണ്ടി സംസ്ഥാനവിഷ്കൃത പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളും നടപ്പിലാക്കി വരുന്നു. പദ്ധതികളുടെ നടത്തിപ്പിനായി ആവശ്യമായ സംസ്ഥാന വിഹിതമായി 650.66 കോടി രൂപയും കേന്ദ്ര വിഹിതമായി 156.30 കോടി രൂപയും ബഡ്ജറ്റ് വിഹിതവും 2022-23 സാമ്പത്തിക വർഷത്തിൽ അനുവദിച്ചു നൽകിയിട്ടുണ്ട്. പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പാറശ്ശാല മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ കാർഷിക മേഖലയുടെ വികസനത്തിനായി ഭരണാനുമതി നൽകിയ പദ്ധതികൾ ഏതൊക്കെയാണെന്നും ആയതിലേക്കായി വകയിരുത്തിയ തുക എത്രയാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ; | (ബി) | പാറശ്ശാല മണ്ഡലത്തിൽ 2016 മുതൽ 2022-23 വരെ കാർഷിക മേഖലയുടെ വികസനത്തിന് ഭരണാനുമതി നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ പ്രസ്തുത മണ്ഡലത്തിൽ ആർ.കെ.വി.വൈ., ആർ.ഐ.ഡി.എഫ്. XXVI എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും ഇവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ? | (സി) | മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ പാറശ്ശാല നിയോജക മണ്ഡലത്തിൽ ആർ.കെ.വി.വൈ പദ്ധതിയുടെ കീഴിൽ സുഭിക്ഷ കേരളം പരിപാടിയിൽ ഉൾപ്പെടുത്തി തരിശുഭൂമിയിൽ കൃഷി 2020-21 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കി. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

**സംസ്ഥാനവിഷ്കൃത പദ്ധതികൾ**

| ക്രമ നം. | സ്കീമിന്റെ പേര് | ബഡ്ജറ്റിൽ അനുവദിച്ച തുക (ലക്ഷം രൂപയിൽ) | പദ്ധതി വിവരം |
|---|---|---|---|
| 1 | കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനം | | |
| a | പ്രീ-പ്രൊഡക്ഷൻ സപ്പോർട്ട് ഉൾപ്പെടെയുള്ള ഫാം പ്ലാൻ അടിസ്ഥാനമാക്കിയുള്ള പ്രൊഡക്ഷൻ പ്രോഗ്രാം | 1200.00 | ഒരോ കർഷകന്റെയും കൃഷിയിടം മണ്ണ്, ജലം, മൂലധനം, മറ്റ് വിഭവസ്രോതസ്സുകൾ, സംയോജിപ്പിക്കാവുന്ന സംരംഭങ്ങൾ, ജൈവ പുന:ചംക്രമണം (Bio- recycling) ഉൽപന്ന വൈവിദ്യവൽക്കരണവും മൂല്യവർദ്ധനവും ഉൾപ്പെടെ എല്ലാ സാധ്യമായ ഘടകങ്ങളേയും യോജിപ്പിച്ച് പരമാവധി ഉൽപ്പാദനം സാധ്യമാക്കുന്ന തരത്തിൽ നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ. |
| b | പ്രൊഡക്ഷൻ ഓർഗനൈസേഷനുകളുടെയും സാങ്കേതിക പിന്തുണയുടെയും വികസനം സംബന്ധിച്ച പദ്ധതി | 900.00 | |
| c | FPD പ്രോഗ്രാമിന് കീഴിലുള്ള സപ്ലൈ ചെയിൻ/വാല്യൂ ചെയിൻ വികസനവും സംയോജനവും സംബന്ധിച്ച സ്കീം | 800.00 | |
| 4 | നെല്ല് വികസനം | 7600.00 | കാർഷിക വിളകളായ നെല്ല്, പച്ചക്കറി, തെങ്ങ്, ഫലവർഗ്ഗങ്ങൾ, സുഗന്ധവ്യഞ്ജന വിളകൾ, പുഷ്പകൃഷി, ഔഷധ സസ്യങ്ങൾ എന്നിവയുടെ ഉല്പാദനവും ഉല്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി വിള വിസ്തൃതി വർദ്ധനവും, വികസനവും എന്ന സമീപനത്തിൽ ഉൾപ്പെടുത്തി 252.12 കോടി രൂപയുടെ പദ്ധതികൾ സംസ്ഥാനത്തു നടപ്പിലാക്കി വരുന്നു. |
| 5 | പച്ചക്കറി വികസനം | 6220.00<br>1500.00 | |
| 6 | നാളികേര വികസനം | 7390.00 | |
| 7 | സുഗന്ധവ്യഞ്ജനങ്ങളുടെ വികസനം | 360.00 | |
| 8 | പഴങ്ങൾ, പൂക്കൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനം | 1892.00 | |
| 9 | സംയോജിത കൃഷി സമ്പ്രദായം വഴി വിളകളുടെ വികസനം ( പുതിയ സ്കീം ) | 250.00 | |
| 10 | മണ്ണിന്റേയും വേരിന്റേയും ആരോഗ്യപരിപാലനവും ഉത്പാദനക്ഷമത മെച്ചപ്പെടുത്തലും | 2210.00 | മണ്ണിന്റെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും തദ്വാരാ കൃഷിയിടങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി കർഷകർക്കും കൃഷിയിടത്തിനും പിന്തുണ നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. |

| | | | |
|---|---|---|---|
| 11 | വിള ആരോഗ്യ മാനേജ്മെന്റ് | 900.00 | ആവാസ വ്യവസ്ഥ സുസ്ഥിരമായി നിലനിർത്തുന്നതിനും ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനും ഉതകുന്ന രീതിയിലുള്ള പരിപാലനമാർഗ്ഗങ്ങൾ കൊണ്ടുവരിക എന്നതാണ് വിളആരോഗ്യ പരിപാലനത്തിന്റെ സമീപനം. |
| 12 | ജൈവകൃഷിയും നല്ല കാർഷിക രീതികളും | 600.00 | സുരക്ഷിതവും ഭക്ഷ്യയോഗ്യവുമായ ഭക്ഷ്യഉല്പാദനം നല്ല കൃഷി രീതികളിലൂടെ പ്രോത്സാഹിപ്പിക്കുക എന്നതാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം |
| 13 | ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും | 1425.00<br>300.00 | സംസ്ഥാനത്തെ കർഷകർക്ക് ആവശ്യമുള്ള അളവിൽ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ യഥാസമയം ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം |
| 14 | വകുപ്പുതല ലബോറട്ടറികളുടെ നവീകരണം | 400.00 | കൃഷി വകുപ്പ് നൽകി വരുന്ന പ്രധാന സേവനങ്ങൾ മണ്ണ് പരിശോധന, വളങ്ങളുടെ പരിശോധന, കീടനാശിനി പരിശോധന, ഉല്പാദനോപാധികളുടെ ഗുണമേന്മ പരിശോധിക്കുന്നതിനായി വിത്ത് പരിശോധന എന്നിവയാണ്. പ്രസ്തുത ആവശ്യങ്ങൾ നിറവേറ്റുന്ന വകുപ്പ് തല ലബോറട്ടറികളുടെ പ്രവർത്തന സഹായമാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം. |
| 15 | ഓഫീസ് ഓട്ടോമേഷനും ഐടി ഇൻഫ്രാസ്ട്രക്ചറും | 815.00 | |
| 16 | കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ | 2828.00 | കാർഷിക മേഖലയിലെ നൂതന സാങ്കേതികവിദ്യകൾ ഫലപ്രദമായി കൈമാറ്റം ചെയ്യുന്നതിനായി വിജ്ഞാന വ്യാപന സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിനും മാനവവിഭവശേഷി വികസനത്തിനുമായി 3863.00 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കുന്നു. |
| 17 | കൃഷി പാഠശാല | 100.00 | |
| 18 | കാർഷിക വിവരവും വിനിമയവും | 600.00 | |
| 19 | മാനവശേഷി വികസനം | 335.00 | |
| 20 | കാർഷിക യന്ത്രവൽക്കരണത്തിനുള്ള പിന്തുണ | 1181.00<br>800.00 | കാർഷിക മേഖലയിൽ വർധിച്ചു വരുന്ന കൂലിച്ചെലവ് ലഘൂകരിക്കുന്നതിനും ഉല്പാദന ചെലവ് കുറയ്ക്കുന്നതിനുമായി കാർഷിക |

| | | | |
|---|---|---|---|
| | | | യന്ത്രവത്കരണ പദ്ധതി നടപ്പിലാക്കി വരുന്നു. |
| 21 | സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി | 3000.00 | നഷ്ട സാധ്യത ലഘൂകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചും കർഷകർക്ക് തങ്ങളുടെ വിളയിൽ നിന്നും പ്രതീക്ഷിക്കുന്ന വരുമാനം ഉറപ്പു വരുത്തുന്നതിനും പ്രകൃതിക്ഷോഭംമൂലം വിളനാശം ഉണ്ടായാൽ നഷ്ടപരിഹാരം നൽകുന്നതിനും സംസ്ഥാന വിള ഇൻഷ്വറൻസ്, പ്രകൃതിക്ഷോഭങ്ങൾ നേരിടുന്നതിനും കീടരോഗനിയന്ത്രണത്തിനുമുള്ള അടിയന്തിര നടപടി എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു. |
| 22 | പ്രകൃതിദുരന്തങ്ങളും കീടങ്ങളും രോഗങ്ങളും നേരിടുന്നതിനുള്ള ആകസ്മിക പരിപാടി | 750.00 | |
| 23 | കുട്ടനാട്ടിലെ കാർഷിക മേഖലയുടെ വികസനം | 1700.00 | കുട്ടനാട് മേഖലയിലെ വിവിധ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനു വേണ്ടിയും പരമ്പരാഗത ഊർജ്ജസ്രോതസ്സുകളെ ആശ്രയിക്കുന്നത് കുറയ്ക്കുന്നതിനായി കാർഷിക മേഖലയിൽ സൗരോർജ്ജം ഉപയോഗപ്പെടുത്തുന്നതിന് പ്രോത്സാഹനം നൽകുവാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. |
| 24 | പുനർജനി – പ്രളയാനന്തര സാഹചര്യത്തിൽ കാർഷിക മേഖലയുടെ പുനഃസ്ഥാപനം | 185.00 | മുൻ വർഷങ്ങളിലെ വെള്ളപ്പൊക്കത്തിലും ഉരുൾപൊട്ടലിലും ഉണ്ടായ നാശനഷ്ടങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് |
| 25 | കാർഷിക ഉൽപന്നങ്ങളുടെ വിപണനത്തിനുള്ള പിന്തുണ | | കാർഷിക വിപണനം, സംഭരണം, വെയർഹൗസിംഗ്, വിളവെടുപ്പിന് ശേഷമുള്ള പരിപാലനത്തിനും മൂല്യവർദ്ധനവും എന്നിവയ്ക്കായി 7380.00 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| എ) | വിപണി വികസനം | 1520.00 | |
| ബി) | വിലസ്ഥിരതയ്ക്കുള്ള വിപണി ഇടപെടൽ പിന്തുണ | 2200.00 | |
| സി) | കേരള ഫാം– പുതിയ പഴം പച്ചക്കറി അടിസ്ഥാന വില | 1405.00 | |
| 26 | വിളവെടുപ്പിനു ശേഷമുള്ള പരിപാലനവും മൂല്യവർദ്ധനയും | 2020.00 | |
| 27 | ഹോർട്ടികോർപ്പിലേക്ക് മൂലധനം പങ്കിടുക | 100.00 | |

| | | | |
|---|---|---|---|
| 28 | കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന്റെ സഹായം | | |
| എ) | ഗോഡൗൺ കം അഗ്രി കോംപ്ലക്സിന്റെ നിർമാണം | 100.00 | |
| ബി) | കമ്പ്യൂട്ടറൈസേഷൻ | 10.00 | |
| സി) | കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ – ഷെയർ പങ്കാളിത്തം | 25.00 | |
| 29 | RIDF–ന് കീഴിൽ അടിസ്ഥാന സൗകര്യ വികസന ഫണ്ട് | 1000.00 | കാർഷിക മേഖലയിലെ ഉല്പാദന വർദ്ധനവിനും മറ്റാവശ്യങ്ങൾക്കുമുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ ഈ പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്നു. |
| 30 | കർഷക ക്ഷേമനിധി ബോർഡ് | 100.00 | കർഷകരുടെ ക്ഷേമത്തിനായി സംസ്ഥാന സർക്കാർ കൊണ്ടുവന്ന പുതിയ പദ്ധതിയാണ് കർഷകക്ഷേമനിധി ബോർഡ് |

## കേന്ദ്രാവിഷ്കൃത പദ്ധതികൾ

- **മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ** – എം.ഐ.ഡി.എച്ച് – ഹോർട്ടിക്കൾച്ചർ വിളകളുടെ നടീൽ വസ്തുക്കളുടെ ഉത്പാദനം, വിളവിസ്തൃതി വ്യാപനം, അടിസ്ഥാന സൗകര്യ വികസനം, യന്ത്ര വത്ക്കരണം, ജൈവകൃഷി പ്രോത്സാഹനം, സംയോജിത രോഗ–കീട നിയന്ത്രണം എന്നിവ കൂടാതെ വിളവെടുപ്പാനന്തര പരിപാലനത്തിനും വിപണന അടിസ്ഥാന സൗകര്യ വികസനത്തിനും പിന്തുണ നൽകുന്ന വിവിധ പദ്ധതികൾ ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന നടപ്പിലാക്കിവരുന്നു.
- **രാഷ്ട്രീയ കൃഷി വികാസ് യോജന –ആർ.കെ.വി.വൈ** – കാർഷിക അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പ്രോജക്ടുകൾ നടപ്പിലാക്കി വരുന്നു.
- കാർഷിക മേഖലയിൽ ആവശ്യമായ യന്ത്ര സാമഗ്രികൾ വാങ്ങുന്നതിനായി – **സബ് മിഷൻ ഓൺ അഗ്രിക്കൾച്ചർ മെക്കനൈസേഷൻ** – കാർഷിക മേഖലയിൽ ആവശ്യമായ യന്ത്ര സാമഗ്രികൾ വാങ്ങുന്നതിന്, വ്യക്തികൾക്കും, ഗ്രൂപ്പുകൾക്കും ധനസഹായം ലഭിക്കുന്നതിനും യന്ത്ര സാമഗ്രികളുടെ കസ്റ്റം ഹയറിങ് സെന്ററുകൾ സ്ഥാപിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു.
- **ദേശീയ ഭക്ഷ്യസുരക്ഷാ മിഷൻ** – എൻ.എഫ്.എസ്.എം– പദ്ധതി പ്രകാരം നെൽകൃഷി പയർ വർഗ്ഗ കൃഷി എന്നിവയ്ക്കുള്ള ധനസഹായം, ഉല്പാദനോപാധികൾക്കുള്ള സഹായം, പമ്പ്സെറ്റ് , സ്പ്രേയർ , പൈപ്പ്ലൈൻ , കാർഷിക പ്രദർശനത്തോട്ടം എന്നിവയ്ക്കായി ധനസഹായം നൽകുന്നു.
- **സബ് മിഷൻ ഓൺ അഗ്രിക്കൾച്ചർ എക്സ്റ്റൻഷൻ** – ആത്മ പദ്ധതിയുടെ ഭാഗമായി വിവിധ പ്രദർശന തോട്ടങ്ങൾ ഒരുക്കുന്നതിനും, കർഷകർക്കായി പരിശീലന പരിപാടികൾ, പഠനയാത്രകൾ, വിജ്ഞാന വ്യാപന– പ്രദർശന പരിപാടികൾ നടപ്പിലാക്കുന്നതിനായി പദ്ധതി നടപ്പിലാക്കി വരുന്നു.
- **നാളികേര വികസന ബോർഡ് പദ്ധതികൾ** – തെങ്ങു കൃഷി വ്യാപനം പുനരുജ്ജീവനം, തെങ്ങിൻ തൈ ഉത്പാദിപ്പിക്കുന്ന നഴ്സറികൾ സ്ഥാപിക്കുന്നതിന് എന്നിവയ്ക്കായി നടപ്പിലാക്കുന്ന പദ്ധതികൾ.
- **പാരമ്പരാഗത് കൃഷി വികാസ് യോജന** – ക്ലസ്റ്റർ അടിസ്ഥാനത്തിൽ ജൈവകൃഷി കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി ഉദ്ദേശിക്കുന്ന പദ്ധതി.
- **ഭാരതീയ പ്രകൃതി കൃഷി പദ്ധതി – ബി.പി.കെ.പി** – ബീജാമൃതവും, ജീവാമൃതവും അടിസ്ഥാനമാക്കി

പ്രകൃതി കൃഷി ക്ലസ്റ്റർ അടിസ്ഥാനത്തിൽ പ്രോത്സാഹിപ്പിച്ച ഉല്പാദനോപാധികളുടെ ഉപയോഗം കുറയ്ക്കുന്നതിനും, മണ്ണിന്റെ ഫലഭൂയിഷ്ഠത വർധിപ്പിക്കുന്നതിനും, സുരക്ഷിതമായ ഭക്ഷ്യോത്പാദനത്തിനും വേണ്ടിയുള്ള പദ്ധതിയാണ് ഇത്.

- **പ്രധാന മന്ത്രി കൃഷി സിഞ്ചായീ യോജന** – കാർഷിക ഉപയോഗത്തിനായി വിവിധ ജലസേചന രീതികൾ പ്രചരിപ്പിക്കുന്നതിന് പ്രധാൻ മന്ത്രി കൃഷി സിഞ്ചായ് യോജന നടപ്പിലാക്കി വരുന്നു.
- **ദേശിയ ബയോഗ്യാസ് വികസന പദ്ധതി** – ഗാർഹികാവശ്യത്തിനുള്ള ബയോഗ്യാസ് യൂണിറ്റ് നിർമാണത്തിന് ദേശീയ ബയോഗ്യാസ് വികസന പദ്ധതി നടപ്പിലാക്കുന്നു.
- **റെയിൻ ഫെഡ് ഏരിയ ഡെവലപ്മെന്റ് (RAD-NMSA)** – കാർഷിക വരുമാനം വർദ്ധിപ്പിക്കുന്നതിലൂടെ കർഷകരുടെ ജീവിത ശൈലി മെച്ചപ്പെടുത്തുന്നതിനും സംയോജിത കൃഷിരീതിയിലൂടെ ഉല്പാദന വർദ്ധനവും സുസ്ഥിരമായ വരുമാനവും ലഭ്യമാക്കുന്നതിന് പദ്ധതി ഉദ്ദേശിക്കുന്നു.
- **പ്രധാന മന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ എന്റർപ്രൈസസ് (പി.എം.എഫ്.എം.ഇ)** – പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി അട്ടപ്പാടി ഇൻക്യുബേഷൻ സെന്റർ സ്ഥാപിക്കുന്നതിന് പ്രൊപോസൽ കേന്ദ്ര സർക്കാർ അനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്.
- **പ്രധാന മന്ത്രി കിസാൻ സമ്മാൻ നിധി** – പ്രധാന മന്ത്രി കിസാൻ സമ്മാൻ നിധി പ്രകാരം കർഷകർ കൈവശ ഭൂമിയുടെ അടിസ്ഥാനത്തിൽ അർഹരായ കർഷകർക്ക് പ്രതി വർഷം 6000 രൂപ ഈ പദ്ധതിയിലൂടെ നൽകുന്നു.
- **സോയിൽ ഹെൽത്ത് കാർഡ്** – മണ്ണ് പരിശോധിച്ച അതിന്റെ ഫലം രേഖപ്പെടുത്തിയ കാർഡ് കൃഷി ഭവൻ മുഖേന ലഭ്യമാക്കുന്ന പരിപാടിയാണിത്.
- **പ്രധാന മന്ത്രി ഫസൽ ഭീമ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി** – അഗ്രികൽച്ചറൽ ഇൻഷ്വറൻസ് കമ്പനിയുമായി സഹകരിച്ച കൊണ്ട് കേന്ദ്ര സംസ്ഥാന സർക്കാർ വിഹിതമുപയോഗിച്ച കൊണ്ടുള്ള ഒരു വിള ഇൻഷ്വറൻസ് പദ്ധതിയാണിത്.
- **അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ക്ച്ചർ ഫണ്ട് (എ.ഐ.എഫ്)**– വിളവെടുപ്പിനു ശേഷമുള്ള പരിപാലന അടിസ്ഥാന സൗകര്യങ്ങൾ, കമ്മ്യൂണിറ്റി ഫാമിംഗ് ആസ്തികൾ എന്നിവയുമായി ബന്ധപ്പെട്ട ലാഭകരമായ പദ്ധതികളിൽ നിക്ഷേപിക്കുന്നതിന്, പ്രോത്സാഹനത്തിലൂടെയും സാമ്പത്തിക പിന്തുണയിലൂടെയും ഇടക്കാല–ദീർഘകാല ഫിനാൻസിങ് സൗകര്യം സമാഹരിക്കുന്നതിനു വേണ്ടി കൃഷി വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ക്ച്ചർ ഫണ്ട്.

<u>**അനുബന്ധം-2**</u>

| ക്രമ നം. | പദ്ധതികൾ | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|---|---|---|
| 1 | നെൽകൃഷി വികസന പദ്ധതി | 2.86494 | 5.65323 | 9.17695 | 6.31997 | 2.02865 | 1.46663 | 0.8937 |
| 2 | ക്വാളിറ്റി കൺട്രോൾ | 0.08 | | 0.2251 | 0.90628 | | 0.39035 | 0.22663 |
| 3 | കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ | 6.91024 | 21.5823 | 8.86966 | 10.4527 | 1.77748 | 1.82391 | 1.8408 |
| 4 | പച്ചക്കറി വികസന പദ്ധതി | 23.6076 | 31.1456 | 51.8165 | 25.1078 | 29.9076 | 38.2033 | 22.3819 |
| 5 | വിള ആരോഗ്യ പരിപാലനം | 7.71876 | 5.299 | 9.49133 | 4.40457 | 2.32452 | 4.18165 | 3.37164 |
| 6 | അഗ്രോ സർവ്വീസ് സെന്റർ & സർവ്വീസ് ഡെലിവറി | 1.12257 | 13.0968 | 5.6349 | 3.96003 | 3.01734 | 5.90301 | 4.02031 |
| 7 | കേരഗ്രാമം | 12.91458 | | | | | | |
| 8 | ജൈവകൃഷി | 8.68843 | 2.99241 | 3.85907 | 1.295 | | 2.9 | 0.8625 |
| 9 | എൻ.എം.എസ്.എ. സോയിൽ | 0.12507 | | | | | | |
| 10 | പരമ്പരാഗത കൃഷി വികാസ് യോജന | 5.48341 | | 2.48537 | | | | |
| 11 | വിപണി വികസനം (വിഷുവിപണി/ ഓണചന്തകൾ) | 3 | 7 | 3.6 | 7.15 | 7.15 | 7.15 | 7.15 |
| 12 | ബയോഗ്യാസ് (സെൻട്രൽ) | 1.844 | 0.66 | 4.35 | 1.6 | 4.455 | | |
| 13 | കർഷകർക്ക് സൗജന്യ വൈദ്യുതി (നോൺപ്ലാൻ) | 1.63664 | 1.2525 | 1.38953 | 1.5555 | 0.01815 | 0.0746 | 0.83821 |
| 14 | സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതികൾ | 18.7315 | 15.5621 | 38.1905 | 7.5109 | 8.58351 | 26.22019 | 0.46 |
| 15 | ആത്മ | 0.09 | 4.08828 | 5.5163 | 1.92078 | 3.9539 | 3.39 | 0.75 |
| 16 | ആർ.കെ.വി.വൈ നെല്ല് | 0.2216 | 5 | | 2.35 | 0.0875 | 1.653 | |
| 17 | ആർ.കെ.വി.വൈ തരിശ് വാഴ | | | | | 5.09716 | | |
| 18 | ആർ.കെ.വി.വൈ തരിശ് പച്ചക്കറി | | | | | 1.182 | | |
| 19 | ആർ.കെ.വി.വൈ തരിശ് കിഴങ്ങുവർഗ്ഗം | | | | | 2.4594 | | |
| 20 | ആർ.കെ.വി.വൈ തരിശ് പയറുവർഗ്ഗം | | | | | 0.054 | | |
| 21 | ആർ.കെ.വി.വൈ തരിശ് ചെറുധാന്യം | | | | | 0.924 | | |
| 22 | പ്രകൃതിക്ഷോഭ | 24.85333 | 5.34715 | 344.67 | 8.51403 | 27.6523 | 27.9644 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | ദുരിതാശ്വാസം | | | | | | | |
| 23 | ജനകീയാസൂത്രണം | 21.22434 | 78.3466 | 69.6929 | 25.95 | 21.815 | 118.69549 | 0.85 |
| 24 | നാളികേരവികസനം (കേരസമൃദ്ധി, മാതൃകാതോട്ടങ്ങൾ, സി.ഡി.ബി) | 4.52276 | 5.74625 | 4.4469 | 3.82755 | 1.64855 | 0.65842 | 3.40313 |
| 25 | സുഗന്ധവ്യഞ്ജന വികസനം | | 6.025 | 1.325 | | 2.45 | 5.7 | 1.041 |
| 26 | എസ്.എം.എ.എം | | 0.49985 | 10.8137 | | | | |
| 27 | കൃഷിപാഠശാല | | | | | 1.21075 | 0.344 | 0.338 |
| 28 | കിഴങ്ങ്/പയർ വർഗ്ഗവിള വികസനം | | | 0.077 | | 0.35 | 0.51 | |
| 29 | വിള ഇൻഷ്വറൻസ് ആനുകൂല്യം | | 0.09 | 40.13 | 83.4506 | 89.7205 | 42.0003 | |
| 30 | പി.എം.കെ.എസ്.വൈ | | | 1.99162 | 0.87107 | | | |
| 31 | ഫലവർഗ്ഗ വികസനം | | | | | 3.16415 | 8.42658 | 2.83985 |
| 32 | ജൈവഗൃഹം | | | | | 14.77 | 6.33 | |
| 33 | മണ്ണിന്റേയും വേരിന്റേയും ആരോഗ്യം | | | | | 0.162 | 0.432 | 0.108 |
| 34 | ബയോഗ്യാസ് (സ്റ്റേറ്റ്) | | | | | 0.48 | | |
| 35 | സി.ഡി.ബി | | | | | 3.88725 | | |
| 36 | കുരോട്ടുകോണം ഏലയുടെ അടിസ്ഥാ സൗകര്യ പ്രവർത്തനങ്ങൾക്കായി ഭരണാനുമിത ലഭിച്ചു. (Rice Development programme) | | 2.99491 | | | | | |
| 37 | ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി | | | | | | 11.42 | |
| 38 | കർഷക പെൻഷൻ | 6.624 | 40.958 | 118.038 | 14.668 | | | |